"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് ജീവനക്കാര്യം - ജോയിന്റ് എക്സൈസ് കമ്മീഷണർ ശ്രീ. വിനോദ് കുമാർ എസ്-ന് ജോയിന്റ് എക്സൈസ് കമ്മീഷണർ തസ്തികയിലേക്ക് നോഷണൽ സ്ഥാനക്കയറ്റം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.453/2026/TAXES തീയതി,തിരുവനന്തപുരം, 25-05-2026

---

പരാമർശം:-

1. 06.06.2025-ലെ സ.ഉ(പി) 110/2025/നികുതി നമ്പർ സർക്കാർ ഉത്തരവ്.
2. 04.06.2025 തീയതിയിലെ GO(Rt) No.523/2025/TAXES ഉത്തരവ്.
3. 12.06.2025 തീയതിയിലെ സ.ഉ (സാധാ) നം.554/2025/നികുതി ഉത്തരവ്.
4. എക്സൈസ് കമ്മീഷണറുടെ 24.03.2026-ലെ ഇ.എക്സ്.സി/1782/2026-എക്സ്.ഡി 3 നമ്പർ കത്ത്.

**ഉത്തരവ്**

ജോയിന്റ് എക്സൈസ് കമ്മീഷണർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായി പരാമർശം (1) പ്രകാരം തയ്യാറാക്കിയ ജോയിന്റ് എക്സൈസ് കമ്മീഷണർ തസ്തികയുടെ 2025 വർഷത്തെ സെലക്ട് ലിസ്റ്റിൽ ക്രമ നമ്പർ 3A ആയി ശ്രീ. വിനോദ് കുമാർ എസ്- നെ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഇതേ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ടിയാന്റെ ജൂനിയർ ആയിരുന്ന ശ്രീ. റോബർട്ട് വി. (ക്രമ നമ്പർ 4)-യ്ക്ക് ജോയിന്റ് എക്സൈസ് കമ്മീഷണർ തസ്തികയിലേക്ക് സൂചന (2) പ്രകാരം സ്ഥാനക്കയറ്റം നൽകിയിരുന്നു. ശ്രീ. വിനോദ് കുമാർ എസ്-ന്റെ പേരിലുണ്ടായിരുന്ന അച്ചടക്ക നടപടിയുടെ ശിക്ഷാ കാലാവധി കഴിയാത്തതിനാൽ ടിയാന് സൂചന (3) പ്രകാരം 12.06.2025 തീയതി പ്രാബല്യത്തിലാണ് ജോയിന്റ് എക്സൈസ്

കമ്മീഷണർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിരുന്നത്. **04.06.2025** തീയതി പ്രാബല്യത്തിൽ ശ്രീ. വിനോദ് കുമാർ എസ്-നും സ്ഥാനക്കയറ്റം ലഭിക്കുന്നതിന് അർഹതയുള്ളതിനാൽ, ടിയാന് **04.06.2025** തീയതി പ്രാബല്യത്തിൽ ജോയിന്റ് എക്സൈസ് കമ്മീഷണർ തസ്തികയിലേക്ക് നോഷണൽ സ്ഥാനക്കയറ്റം നൽകി ടിയാന്റെ സീനിയോരിറ്റി പുനഃസ്ഥാപിച്ചു നൽകണമെന്ന് സൂചന (4) പ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.വിനോദ് കുമാർ എസ്-ന് ടിയാന്റെ തൊട്ടടുത്ത ജൂനിയറായ ശ്രീ.റോബർട്ട്.വി-ക്ക് ജോയിന്റ് എക്സൈസ് കമ്മീഷണറായി പ്രൊമോഷൻ നൽകിയ ഉത്തരവ് തീയതിയായ **04.06.2025** പ്രാബല്യത്തിൽ, ശമ്പളത്തിന്റെയും അലവൻസുകളുടെയും കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ജോയിന്റ് എക്സൈസ് കമ്മീഷണർ തസ്തികയിൽ നോഷണൽ സ്ഥാനക്കയറ്റം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രമോദ് എം വി

അഡിഷണൽ സെക്രട്ടറി

പകർപ്പ്

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. ശ്രീ.വിനോദ് കുമാർ എസ്, ജോയിന്റ് എക്സൈസ് കമ്മീഷണർ (എക്സൈസ് കമ്മീഷണർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് - ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം
4. വെബ് & ന്യൂ മീഡിയ
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്1/117/2026/നികുതി)

ഉത്തരവിൻ പ്രകാരം

Signed by

Vivil Kumar

സെക്ഷൻ ഓഫീസർ

Date: 25-05-2026 18:17:56